(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ- 8/1223/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി:28.11.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പീരുമേട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: പീരുമേട് ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ- 8/1223/2018 തീയതി. 28.11.2018

# ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 26.07.2017 മുതൽ 07.10.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.സിനി.എം.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.10.2018 മുതൽ 16.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ലേഖ വി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജിമോൻ വി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജീവ് എം.എസ്. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജോസഫ് ചാക്കോ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബിനുമോൻ കെ. സി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | സുലേഖ റ്റി.എസ് | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.ബി.ബാലകൃഷ്ണപിള്ള | 01-04-2017മുതൽ 07-09-2017വരെ |
| | ശ്രീ.കെ.റ്റി. ഷാജി | 08-09-2017 മുതൽ 31-03-2018 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ്എഞ്ചിനിയർ | ശ്രീ.രമേശൻ.റ്റി.ആർ. | 01-04-2017 മുതൽ 31-03-2018വരെ |
| കൃഷി ആഫീസർ | ശ്രീ.ഷെല്ലി സി. | 01-04-2017 മുതൽ 02-05-2017 വരെ |
| | ശ്രീമതി. ലിനെറ്റ് ജോർജ് | 03-05-2017 മുതൽ 15-11-2017 വരെ |
| | ശ്രീ. പ്രശാന്ത് ബി. | 16-11-2017 മുതൽ 30-11-2017 വരെ |
| | ശ്രീമതി. അനാമിക എം.എസ്. | 01-12-2017 മുതൽ 31-03-2018 വരെ |
| മെഡിക്കലാഫീസർ (ആരോഗ്യം) | ഡോ.ഡോൺ ബോസ്കോ | 01-04-2017 മുതൽ 31-03-2018 വരെ |
| മെഡിക്കലാഫീസർ (ഹോമിയോ) | ഡോ.അതുൽ ബാബു രാജ് | 01-04-2017മുതൽ 22-11-2017വരെ |
| | ഡോ. സജീന കെ.എ. | 23-11-2017മുതൽ 31-03-2018 വരെ |
| മെഡിക്കലാഫീസർ (ആയുർവ്വേദം) | ഡോ.ശ്രീജിത്. എസ്. | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജേഷ് | 01-04-2017 മുതൽ 31-03-2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.പി. അജു | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.റ്റീന ജോയി | 01-04-2017മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ.ജയസൂര്യൻ എം | 01-04-2017മുതൽ 31-03-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.എം.ഐ. ഷൈലജ | 01-04-2017മുതൽ 31-03-2018വരെ |

ഉള്ളടക്കം



| ക്രമ നം. | ഖണ്ഡിക നം. | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണ സംവിധാനം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| 13 | 2-1 | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വസ്തു നികുതി ഒടുക്കുന്നില്ല. |
| 14 | 2-2 | വാടക കുടിശ്ശിക സംബന്ധിച്ച് |
| 15 | 2-3 | വസ്തുനികുതി-സാംഖ്യ-സഞ്ജയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല. |
| 16 | 2-4 | ഡി ആന്റ് ഓ ലൈസൻസ്, തൊഴിൽ നികുതി - അപാകതകൾ |
| 17 | 3-1 | അംഗൻവാടി പോഷകാഹാരപദ്ധതി കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നില്ല |
| 18 | 3-2 | പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന -ഭരണസമിതി തീരുമാനം നടപ്പായില്ല |
| 19 | 3-3 | ജൈവകൃഷി പ്രോൽസാഹനം - പദ്ധതി നടപ്പാക്കത് - |

| | | |
|---|---|---|
| | | ചെലവ് തടസം - 5,00,000/- |
| 20 | 3-4 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല |
| 21 | 3-5 | ആയുർവ്വേദ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല |
| 22 | 3-6 | നിർജ്ജീവമായ അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു |
| 23 | 3-7 | പാലിയേറ്റീവ് കെയർ പ്രോജക്ടിന് മരുന്നു വാങ്ങൽ-വിതരണ ഏജൻസി ഔഷധങ്ങൾ പൂർണമായി ലഭ്യമാക്കിയിട്ടില്ല |
| 24 | 3-8 | ലൈഫ് പദ്ധതി പ്രാരംഭ ദശയിൽ |
| 25 | 3-9 | സംയോജിത പദ്ധതികൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ വിവരങ്ങളില്ല |
| 26 | 3-10 | ഭാഗികമായ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുന്നു. |
| 27 | 3-11 | ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പാക്കിയില്ല. |
| 28 | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 29 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 30 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 31 | 4-4 | വായ്പാ/വായ്പാ തിരിച്ചടവ് |
| 32 | 4-5 | സ്ഥിരനിക്ഷേപം |
| 33 | 4-6 | ഓഡിറ്റ് റിക്കവറി |
| 34 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 35 | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 36 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 38 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 39 | അനുബന്ധം-2 | 1) റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>2) ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്<br>3) ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

24.03.2017ലെ 1-ാം നമ്പർതീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് പാസ്സാക്കിയിട്ടില്ല. ബജറ്റ് പ്രകാരമുള്ള പ്രാരംഭ ബാക്കി ₹2158225/-യും, ആകെ വരവ് ₹226367730/-യും, ആകെ ചെലവ് ₹225607000/-യും, നീക്കിയിരുപ്പ് ₹2918955/-യുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 29.5.2018 | --- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 29.5.2018 | നം.കെ.എസ്എ.ഐ.ഡി.കെ. 3/677/2018(41) തീ.29.8.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19762589 |
| വരവ് | 103253672 |
| ആകെ | 123016261 |
| ചെലവ് | 105147103 |
| നീക്കിയിരിപ്പ് | 17869158 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി/ അലോക്കേഷൻ | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 23689000 | 23689000 | 23689000 | 22871970 | 817030 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 24176000 | 24161236 | 24161236 | 21042377 | 3118859 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 972000 | 971605 | 971605 | 334892 | 636713 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 13642000 | 13642000 | 13642000 | 7883670 | 5758330 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4983000 | 4983000 | 4983000 | 4018025 | 964975 |

| | | | | | | | |
|---|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 13316696 | 17019188 | 17019188 | 5506054 | 11513134 |
| കെ.എൽ.എസ്.ജി.ഡി.പി സംസ്ഥാന വിഹിതം (ACR പ്രകാരം) | | | 00 | 1476551 | 1476551 | 5460459 | 567653 |
| കെ.എൽ.എസ്.ജി.ഡി.പി കേന്ദ്ര വിഹിതം (ACR പ്രകാരം) | | | 00 | 4551561 | 4551561 | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | | തൊഴിലാളികളുടെ കൂലി | 00 | 24529643 | 24529643 | 24529643 | 00 |
| | | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 44123 | 1567053 | 1611176 | 1607526 | 3650 |
| ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | | | 1900668 | 860230 | 2760898 | 267089 | 2493809 |
| വിമുക്തി | | | 2230 | - | 2230 | - | 2230 |
| ഗുണ.വിഹിതം | | | 428200 | 187800 | 616000 | 576500 | 39500 |
| ആധാർ നമ്പറെടുത്ത ബി പി എൽ കുടുംബങ്ങൾക്കുള്ള ഇൻസെന്റീവ് | | | 38 | - | 38 | - | 38 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | | 1609009 | 1609009 | 00 | 1609009 |
| | ജില്ലാ പഞ്ചായത്ത് | | 206110 | 00 | 206110 | 00 | 206110 |
| ബി ഫണ്ട് | | | 00 | 33026300 | 33026300 | 33026300 | 00 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | 4752831 | 14077372 | 18830203 | 10183732 | 8646471 |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ്) | | 8422661 | 9586000 | 18008661 | 17287314 | 721347 |
| ജോയിന്റ് വെഞ്ചർ റ്റി.എസ്.ബി. അക്കൗണ്ട് | | | 0 | 160901 | 160901 | - | 160901 |
| മറ്റിനം | | | 3947628 | 513686 | 4461314 | 551821 | 3909493 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 292 | 152866592 | 195 | 67959541 | -- | 97 | 66.78 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) പോത്തുകുട്ടി വിതരണം -ജനറൽ

2) പോത്തുകുട്ടി വിതരണം (എസ്.സി.പി)

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെചെലവ് വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 2985885 | 1757190 | 58.85 |
| ഹെഡ് മാസ്റ്റർ | 3 | 3 | 840000 | 478760 | 56.99 |
| വെറ്ററിനറി സർജൻ | 10 | 8 | 1237501 | 333000 | 26.9 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 10 | 10 | 2028500 | 1703822 | 83.94 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 3 | 3 | 562000 | 561864 | 99.99 |
| വി.ഇ.ഒ | 7 | 5 | 34935949 | 6697112 | 19.16 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 5 | 5528429 | 3779908 | 68.37 |
| സെക്രട്ടറി | 33 | 18 | 12484755 | 6781180 | 54.3 |
| അസി.എഞ്ചിനീയർ | 203 | 129 | 86271573 | 41644520 | 48.27 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 7 | 5892000 | 4122185 | 69.96 |

വാർഷിക പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്ത് വകയിരുത്തിയ തുകയുടെ 44.45% മാത്രമാണ് ചെലവഴിയ്ക്കാനായത്.

അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിന് നൽകിയത് 203 പ്രോജക്ടുകളാണ്. നടപ്പിലാക്കാൻ കഴിഞ്ഞത് 129 എണ്ണം മാത്രമാണ്.പ്രോജക്ടുകളുടെ ബാഹുല്യം നിമിത്തം പ്രോജക്ടുകൾ പൂർത്തീകരിയ്ക്കാൻ വൈഷമ്യം നേരിടുന്നു.

റോഡിന് ഫണ്ട് അനുവദിക്കുമ്പോൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിയ്ക്കാതെ ഏറ്റെടുക്കേണ്ട പദ്ധതികളുടെ മുൻഗണന അനുസരിച്ച് റോഡ് പൂർണമായും ഏറ്റെടുക്കുവാൻ ശ്രമിക്കാവുന്നതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 44123 | 1567053 | 1611176 | 1607526 | 3650 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 00 | 24529643 | 24529643 | 24529643 | 00 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16080 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 1978100 | 487 |
| വിധവാപെൻഷൻ | 9443500 | 1775 |
| വാർദ്ധക്യകാലപെൻഷൻ | 19367600 | 4511 |
| വികലാംഗപെൻഷൻ | 2173100 | 528 |
| 50 വയസ്സിൻ മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 47200 | 4 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹28490/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ധനകാര്യരേഖകളും പത്രികകളും സ്ഥാപനത്തിന്റെ ഇടപാടുകളെയും പ്രവർത്തനത്തെയും കൃത്യമായി പ്രതിഫലിപ്പിക്കുന്നതിൽ പരാജയപ്പെട്ടു. വാർഷിക കണക്കുകൾ തയ്യാറാക്കുമ്പോൾ ചെയ്യേണ്ട ആവശ്യമായ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്തിയിട്ടില്ല. വസ്തുനികുതി രജിസ്റ്റർ പ്രകാരമുള്ള വരവ്/കുടിശ്ശിക തുകകളുമായി വാർഷികകണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. ആസ്തികളുടെ മൂല്യ നിർണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്നതിൽ കാലതാമസം വരുത്തുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാർക്ക് കൃത്യമായി ജീവനക്കാർക്ക് ജോലികൾ വിഭജിച്ച നൽകിയിട്ടുണ്ട്. സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. സൂചിക സോഫ്റ്റ് വെയർ പ്രകാരം തപാലുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ ജീവനക്കാർക്ക് സാധിക്കുന്നില്ല.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പുകൾ

17 വാർഡുകളിലും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭകളിൽ നല്ല രീതിയിലുള്ള ജനപങ്കാളിത്തവും, അവയിൽ ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ നിയമപരമായ ചുമതലകൾ നിറവേറ്റുന്നതിൽ പരാജയപ്പെട്ടു. വർക്കിംഗ് ഗ്രൂപ്പുകൾ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിററി തനത് വരവ് പിരിച്ചെടുക്കുന്നതിൽ ശ്രദ്ധപതിപ്പിക്കുന്നില്ല. വരവിന്റെ പിരിവ് പുരോഗതി സംബന്ധിച്ച വിവരം ഭരണസമിതിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല. 2017-18വർഷത്തെ ബജറ്റ് പുതുക്കാൻ തീരുമാനിച്ചെങ്കിലും ബജറ്റ് പുതുക്കിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.9.2018 | ആഗസ്റ്റ് 2018 | 4.10.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.2.2016-1.3.2016 | 2010-11 മുതൽ 2014-15 വരെ | 25.4.2016 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

കൃത്യമായ വസ്തുതകളെ ശാസ്ത്രീയമായി വിശകലനം ചെയ്യാതെയും പ്രാഥമികമായ അക്കൗണ്ടിംഗ് തത്ത്വങ്ങൾ പോലും പാലിക്കാതെയുമാണ് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക തയ്യാറാക്കിയിരിക്കുന്നത്. കണക്കുകൾ പൊരുത്തപ്പെടുത്തുന്നതിന് ആസ്തിയിലും ബാധ്യതയിലും സംശയാസ്പദവും അവ്യക്തവുമായ ക്രമീകരണങ്ങൾ നടത്തുക വഴി ധനകാര്യപത്രിക ഏറെ സങ്കീർണമായിട്ടുണ്ട്. അക്കൗണ്ട്സ് സാക്ഷ്യപ്പെടുത്തലുമായി ബന്ധപ്പെട്ട് ധനകാര്യപത്രിക പ്രാഥമികമായി പരിശോധിച്ച വേളയിൽ കണ്ടെത്തി ന്യൂനതകൾ ഇപ്പോഴും പരിഹരിക്കപ്പെട്ടിട്ടില്ല. കണക്കുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിന് വിവിധ ബാങ്കുകളിൽ നിലവിലുള്ള അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് ബാങ്ക് ബുക്കുകളുമായി പൊരുത്തപ്പെടുത്താതെ ധനകാര്യപത്രിക ക്രോഡീകരിച്ചതിനാൽ RP-40 (b)-ൽ നൽകിയിട്ടുള്ള നീക്കിയിരിപ്പ് തുക യഥാർത്ഥമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സൗത്ത് ഇൻഡ്യൻ ബാങ്ക് പീരുമേട് ശാഖയിലെ 0176-ാം നമ്പർ അക്കൗണ്ട് (തനതു ഫണ്ട് )

* 14.12.2016, 05.10.2017, 25.10.17 തീയതികൾ മുതലുള്ള 63ചെക്കുകൾ ക്രെഡിറ്റ് ചെയ്യാത്തവയുടെ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചെക്കുകളുടെ നിയമപരമായ കാലപരിധി മൂന്നു മാസമാണെന്നിരിക്കെ ഒന്നര വർഷം പഴക്കമുള്ള ചെക്കുകൾ ഇത്തരത്തിൽ കണക്കുകളിൽ ചേർത്തത് ക്രമപ്രകാരമല്ല. (ആകെ തുക ₹3687602/-).

* 21.04.2017 മുതൽ 28.02.2018 വരെ 15 വരവുകൾ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് വന്നിട്ടുണ്ട് (ബാങ്ക് ചാർജ് വരെ ഈ ഗണത്തിൽപ്പെടുന്നു). പ്രസ്തുത തുക പഞ്ചായത്തിന്റെ ബാങ്ക് ബുക്കിൽ വരവു ചേർക്കാതെ " Directly credited by bank"എന്ന ഗണത്തിലാണ് ചേർത്തിരിക്കുന്നത്.(ആകെ തുക ₹476593/-). ഇതേ രീതിയിൽ ബാങ്ക് വരവു വെച്ച 24 ഇനങ്ങളുടെ ആകെത്തുകയായ ₹101087/- റെക്കൺസിലിയേഷൻ വേളയിൽ കുറവു വരുത്തിയതായും കാണുന്നു.

* 26.8.2015 മുതലുള്ളതും കാലഹരണപ്പെട്ടതും ഉൾപ്പടെ 89 ചെക്കുകളാണ് പണമാക്കാത്തവയായി രേഖപ്പെടുത്തിയിരിക്കുന്നത്. കാലപരിധി കഴിഞ്ഞ ചെക്കുകൾ തിരികെ വരവിൽ ഉൾപ്പെടുത്തണമെന്ന 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 46 പ്രകാരമുള്ള നിബന്ധന പാലിച്ചിട്ടില്ല.

SBT പീരുമേട് ശാഖയിലെ 9227-ാം നമ്പർ അക്കൗണ്ട് (പ്ലാൻ )

* ബാങ്ക് റെക്കൺസിലിയേഷൻ പത്രികയിൽ " ബാങ്കിൽ നൽകിയിട്ടും വരവു വെയ്ക്കാത്തതായി" രേഖപ്പെടുത്തി കുറവു ചെയ്ത ₹190650/- യുടെ ചെക്ക് നമ്പരോ ഇനവിവരമോ മറ്റു വിശദാംശങ്ങളോ ലഭ്യമല്ല.

SBT പീരുമേട് ശാഖയിലെ 9657-ാം നമ്പർ അക്കൗണ്ട് (MGNREGS )

* ബാങ്ക് റെക്കൺസിലിയേഷൻ പത്രികയിൽ "ബാങ്കിൽ നൽകിയിട്ടും വരവു വെയ്ക്കാത്തതായി" രേഖപ്പെടുത്തി കുറവു ചെയ്ത ₹76600/-യുടെ ചെക്കുകൾ (നം.885073/10.03.2017) തുക ₹18500/-,₹58100/- യുടെ ചെക്ക് നമ്പർ ലഭ്യമല്ല) യഥാർത്ഥത്തിൽ ഇതിനോടകം പണമാക്കിയവയാണ്. (05.04.17) ധനകാര്യപത്രിക പ്രകാരം ₹80250/- യാണ് ഈയിനത്തിലെ നീക്കിയിരുപ്പെങ്കിലും യഥാർത്ഥ നീക്കിയിരുപ്പ് ₹3650/- മാത്രമാണ്.

* പണമാക്കാത്തതായി സൂചിപ്പിച്ചിട്ടുള്ള 1350/-യുടെ ചെക്കും (നം. 885065/27.03.2017) യഥാർത്ഥത്തിൽ തുക പിൻവലിക്കപ്പെട്ടതാണ്. (06.04.17)

2. വസ്തുനികുതി രജിസ്റ്റർ പ്രകാരമുള്ള വരവ് ,കുടിശ്ശിക തുകകളുമായി വാർഷികകണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

3. കടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല .

4. പഞ്ചായത്തിന്റെ ആകെയുള്ള ആസ്തികളുടെ ക്രോഡീകരണ, മൂല്യനിർണയ പ്രക്രിയകൾ പൂർണമായിട്ടില്ല. തൻവർഷ പദ്ധതി പ്രകാരം ആർജ്ജിച്ചവയുടേത് മാത്രമാണ് നടന്നിട്ടുള്ളത്.

5. ഗ്രാമപഞ്ചായത്തിൽ കടത്ത്/ഫെറി സർവീസ് ആസ്തികൾ ഇല്ലായെങ്കിലും “Waterways" ഇനത്തിൽ ഡിപ്രീസിയേഷൻ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റായി B4 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ₹280000/-, ₹10718/-, ₹230100/-, ₹2230/-എന്നീ തുകകളുടെ സ്രോതസ്സ് , ചെലവ് വിശദാംങ്ങൾ ലഭ്യമല്ല.

7. റോഡ് കട്ടിംഗ് ചാർജിനത്തിൽ 08.07.2015-ൽ ലഭിച്ച ₹68,925/- ഇപ്പോഴും ബാധ്യതയായാണ് നിലനിർത്തിയിരിക്കുന്നത്.

8. “ Other creditors control account” എന്ന കണക്ക ശീർഷകത്തിൽ B-9 പത്രികയിൽ ₹531,078/- ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ സാംഗത്യം വ്യക്തമാക്കിയിട്ടില്ല.

9. ഇതേ പത്രികയിൽ "Other liabilities “ എന്ന ശീർഷകത്തിൽ ₹730,956/- ഉൾപ്പെടുത്തിയ സാഹചര്യവും അജ്ഞാതമാണ്.

10. “Advance to others “ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ പല ചെലവുകളും (ഉദാ.തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ ശമ്പളം) യഥാർത്ഥത്തിൽ ക്രമമീകരിക്കപ്പെട്ടവയാണ്.

11.”Capital work in progress “എന്ന ശീർഷകത്തിൽ നൽകിയിട്ടുള്ള പ്രവൃത്തികളിൽ ഒരെണ്ണമൊഴികെയുള്ളവ തൻവർഷം തന്നെ പൂർത്തീകരിച്ചവയാണ്. എന്നാൽ അവ ജേണൽ വൗച്ചർ വഴി ആസ്തിയിൽ ഉൾപ്പെടുത്താതെയാണ് കണക്കുകൾ ക്രോഡീകരിച്ചത്.

12. ബാലൻസ് ഷീറ്റിലെ ബ4-പത്രികയിൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളായി സൂചിപ്പിച്ചിട്ടുള്ള മിക്ക തുകകളും തനതുഫണ്ടിൽ ക്രമീകരിക്കേണ്ട തുകകളാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബി4 പത്രികയിലെ തുക | ധനകാര്യപത്രികയിലെ വിവരണം | യഥാർത്ഥത്തിലുള്ളത് |
|---|---|---|---|
| 1 | 80250 | ദേശീയ തൊഴിലുറപ്പ് പദ്ധതി | യഥാർത്ഥ നീക്കി ബാക്കി ₹3650/- മാത്രമാണ്. ₹76600/- യുടെ ജേണൽ എൻട്രി നടത്താതിരുന്നതുമൂലം സംഭവിച്ച അപാകതയാണിത്. |
| 2 | 892800 | ഹരിയാലി | ODF പദ്ധതിക്ക് വേണ്ടി തനതു ഫണ്ടിൽനിന്ന് മുൻകൂർ ചെലവഴിച്ച തുക തിരികെ ലഭിച്ചത്. ഹെഡ് മാറി രസീത് പ്രിന്റ് ചെയ്തതിനാൽ സംഭവിച്ച പിഴവ് |
| 3 | 131750 | Grants, funds and contrbutions for specific purpose-other govt. Agencies-TSC | സമ്പൂർണശുചിത്വ മിഷനിൽനിന്ന് ലഭിച്ച തുക. പൂർണമായി ചെലവഴിച്ചുവെങ്കിലും ജേണൽ എൻട്രി നടത്താതിരുന്നതുമൂലം നീക്കിബാക്കിയായി ശേഷിക്കുന്നു. |
| 4 | 200000 | നിർമൽ പുരസ്കാർ | നിർമിതിക്ക് മരാമത്ത് പ്രവൃത്തിക്ക് വേണ്ടി നൽകിയതിൽ തിരികെ ലഭിച്ച തുകയാണിത്.ജേണൽ എൻട്രി നടത്താതിരുന്നതുമൂലം നീക്കിബാക്കിയായി |

| | | | |
|---|---|---|---|
| | | | ശേഷിക്കുന്നു. |

കണക്കുകളിലെ അപാകതകൾ ആവശ്യമായ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്തി പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വസ്തു നികുതി ഒടുക്കുന്നില്ല.

2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ടിലൂടെ (2013-ലെ ഭേദഗതി ആക്ട്), 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 207-ാം വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം ഹയർ സെക്കന്ററി തലം വരെയുള്ളയുള്ളതും സർക്കാരിന്റെ അംഗീകാരം ഉള്ളതുമായ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്കു മാത്രമാണ് വസ്തു നികുതി ഇളവ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിലെ ചില ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ വസ്തു നികുതി ഒടുക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

1) മരിയൻ കോളജ് കുട്ടിക്കാനം

പഞ്ചായത്തിന്റെ പതിനാറാം വാർഡിൽ വിവിധ കെട്ടിട സമുച്ചയങ്ങളിലായി സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ ഉൾപ്പെടെ നടത്തുന്ന പ്രമുഖമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനമാണ് മരിയൻ കോളജ്. എന്നാൽ 98, 99,100 എന്നീ മൂന്ന് കെട്ടിടനമ്പരുകൾ മാത്രമാണ് സ്ഥാപനത്തിന് നല്കിയിട്ടുള്ളത്. കെട്ടിടനമ്പർ അനുവദിച്ചുവെങ്കിലും 2013 മുതൽ ടി സ്ഥാപനം വസ്തു നികുതി ഒടുക്കിയിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം വസ്തു നികുതിയിനത്തിൽ ₹957150/- ഡിമാന്റ് ചെയ്തെങ്കിലും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 207 പ്രകാരം വിദ്യാഭ്യാസസ്ഥാപനങ്ങളെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന വാദം ഉയർത്തി സ്ഥാപനം WPC 663/18-ാം നമ്പരായി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അതിന്മേൽ താത്ക്കാലിക സ്റ്റേ ലഭിച്ചിട്ടുള്ളതുമാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 207 ന് വരുത്തിയിട്ടുള്ള ഭേദഗതി കോടതിയുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും അനുകൂല വിധി നേടാൻ ശ്രമിക്കേണ്ടതുമാണ്. കൂടാതെ സ്ഥാപനത്തിന്റെ കാമ്പസിൽ സ്ഥിതി ചെയ്യുന്ന മുഴുവൻ കെട്ടിടങ്ങളുടെയും നികുതി നിർണ്ണയിച്ച് നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

2-a) എസ്.എൻ.ജി. കോളജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്- പാമ്പനാർ

പഞ്ചായത്തിന്റെ പന്ത്രണ്ടാം വാർഡിൽ മൂന്ന് നിലകളുള്ള കോളജ് ആവിശ്യത്തിനുള്ള കെട്ടിടം പണിയുന്നതിനായി 21/2/15 തീയതിയിലെ എ-3-1462/14 നമ്പർ പ്രകാരം പഞ്ചായത്തിൽ നിന്നും കെട്ടിടനിർമ്മാണ അനുമതി നല്കിയിട്ടുള്ളതാണ്. അനുമതിയുടെ കാലാവധി 20/2/2018-ൽ അവസാനിച്ചു.

നാളിതുവരെ കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുകയോ കെട്ടിടനമ്പർ അനുവദിക്കുകയോ, ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടുകയോ ചെയ്തിട്ടില്ല. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ ഇവിടെ മൂന്ന് നിലകളിലായി അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനം പ്രവർത്തിക്കുന്നതായി മനസ്സിലാക്കുവാൻ സാധിച്ചു. 106-A എന്ന നമ്പരിൽ ₹328/- കെട്ടിടനികുതി അടയ്ക്കുന്ന രസീതാണ് സ്ഥാപനം ഹാജരാക്കിയത്. വിശദമായ അന്വേഷണത്തിൽ ഈ നമ്പർ ഒരു താല്കാലിക ഷെഡിന്റെ നമ്പരാണെന്ന് വ്യക്തമായി. കെട്ടിടനിർമ്മാണ അനുമതിയ്ക്ക് സമർപ്പിച്ച പ്ലാനിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം 2408.04m2 ആണ്. സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ വിസ്തീർണ്ണം 2702.64 എം$^2$ ആയി ബോധ്യപ്പെട്ടു. കെട്ടിടനിർമ്മാണ ചട്ടം ലംഘിച്ചുകൊണ്ടുള്ള നിർമ്മാണത്തിന് പിഴ ഈടാക്കേണ്ടതും കോളേജ് പ്രവർത്തനം ആരംഭിച്ച വർഷം മുതലുള്ള വസ്തു നികുതി പിഴപലിശ സഹിതം ഈടാക്കേണ്ടതുമാണ്.

2-b) മുകളിൽ പരാമർശിച്ച കെട്ടിടം കൂടാതെ സമീപത്തായി രണ്ടു നിലകളുള്ള മറ്റൊരു കെട്ടിടം പെർമിറ്റ് കൂടാതെ നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 726.91m2 വിസ്തീർണ്ണമുള്ള ഒരു നിലയുടെ നിർമ്മാണം പൂർത്തീകരിച്ച് ക്ലാസ്സുകൾ നടക്കുന്നുണ്ട്. രണ്ടാം നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. നിർമാണ പ്രവർത്തനങ്ങൾ ക്രമവല്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വസ്തുനികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതുമാണ്.

വസ്തു നികുതിയിനത്തിൽ പഞ്ചായത്തിന് ലക്ഷങ്ങൾ നഷ്ടമാകുന്നുവെന്ന് മേൽ പരാമർശത്തിൽ നിന്നും വ്യക്തമാണ്. വ്യവസായ-വാണിജ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവയിൽ കൃത്യമായ പരിശോധനകൾ നടത്തേണ്ടതും കെട്ടിട നിർമ്മാണ പെർമിറ്റ്, വസ്തു നികുതി, ലൈസൻസ് എന്നിവയിൽ തനതു വരുമാനത്തിൽ ചോർച്ച ഉണ്ടാവുന്നില്ലായെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയും ഭരണസമിതിയും ഉറപ്പാക്കേണ്ടതുമാണ്. 2017-18-ൽ 58 ശതമാനം മാത്രമാണ് വസ്തു നികുതി സമാഹരിച്ചത്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ സത്വര ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്. കൂടാതെ അനുമതി കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതും അനധികൃത നിർമ്മാണങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 വാടക കുടിശ്ശിക സംബന്ധിച്ച്

2017-18 വർഷം പാമ്പനാർ ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ സൂചിപ്പിച്ചിരിക്കുന്ന മുറികൾ വാടകയ്ക്ക് നല്കിയിട്ടുണ്ടെങ്കിലും വാടക കുടിശ്ശിക നിലനില്ക്കുന്നു. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| നമ്പർ | വാടകക്കാരൻ | പ്രതിമാസവാടക | കുടിശ്ശിക |
|---|---|---|---|
| 4 | പി.രാജൻ | 662 | 7944 , (662*12) |
| 9 | സുരേഷ് ചൂളപടിക്കൽ | 1599 | 19188 (1599*12) |
| 10 | കെ.പി.ബേബി | 1212 | 14544 (1212*12) |
| 16 | സുരേഷ് ചൂളപടിക്കൽ | 860 | 10320 (860*12) |
| 20 | വെള്ളാദുരൈ ശ്രീ വിനായകഭവൻ | 768 | 9216 (768*12) |

| | | | |
|---|---|---|---|
| 21 | ആർ രങ്കരാജ ലാഡ്രം | 849 | 10188 (849*12) |
| 22 | ശ്രീലത നെല്ലിക്കശ്ശേരി | 600 | 1200 (600*2) |
| 4A | സതീഷ് പുലിക്കുന്നേൽ | 444 | 5328 (444*12) |
| ആകെ | | | 77928 |

ഇതിൽ റൂം നമ്പർ നാലിലെ വാടകക്കാരനായ ശ്രീ. പി.രാജൻ മാത്രമാണ് പഞ്ചായത്തുമായി വാടകക്കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി-1) കുടിശ്ശികക്കാരുടെമേൽ ഓൺലൈൻ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതായി സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കി റിപ്പോർട്ട് ചെയ്യാത്ത പക്ഷം ഉത്തരവാദികളായ ജീവനക്കാരിൽ നിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## 2-3 വസ്തുനികുതി-സാംഖ്യ-സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികതി-സാംഖ്യ-സഞ്ചയ കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ നല്കുന്നു.

| ഇനം | സാംഖ്യ പ്രകാരം | സഞ്ചയ പ്രകാരം |
|---|---|---|
| ഗാർഹിക-ഗാർഹികേതര കെട്ടിടങ്ങൾ – കുടിശ്ശിക ഡിമാന്റ് | 5630875 | 6036358 |
| ഗാർഹിക - ഗാർഹികേതര കെട്ടിടങ്ങൾ – കുടിശ്ശിക കളക്ഷൻ | 3328210 | 2854104 |
| ഗാർഹിക-ഗാർഹികേതര കെട്ടിടങ്ങൾ – തൻവർഷ വരവ് | 3104774 | 245327 |

സഞ്ചയ-സാംഖ്യ പൊരുത്തക്കേടുകൾ പരിഹരിച്ച് കണക്കുകളിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഓ ലൈസൻസ്, തൊഴിൽ നികുതി - അപാകതകൾ

എ) ഡി ആന്റ് ഓ ലൈസൻസ് രജിസ്റ്റർ പ്രകാരം 2017-18-ൽ 257 സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ 544 വാണിജ്യ കെട്ടിടങ്ങൾ, 14 റിസോർട്ടുകൾ, 40 ഹോംസ്റ്റേകൾ, 153 ഇതര വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ 751 സ്ഥാപനങ്ങൾ ഉള്ളതായി വസ്തു നികുതി സഞ്ചയ സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നിൽ കൂടുതൽ മുറികളോ കെട്ടിടങ്ങളോ ഒരു സ്ഥാപനത്തിന്റെ ഭാഗമായി ഉപയോഗിച്ചേക്കാമെന്നതും, കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കാനുമുള്ള സാദ്ധ്യതയുണ്ട് എന്നത് പരിഗണിച്ചാലും 34.22% സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് നല്കിയിട്ടുള്ളു എന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

ബി) എസ്.എൻ ട്രസ്റ്റ് കോളേജ്, പാമ്പനാർ, എസ്.എൻ ട്രസ്റ്റ് സ്കൂൾ, പാമ്പനാർ അയ്യപ്പ കോളേജ്, 56ാം

മൈൽ, എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സൗത്ത് ഇൻഡ്യൻ ബാങ്ക്, പീരുമേട്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, പീരുമേട്, കുട്ടിക്കാനത്തുള്ള പെട്രോൾ പമ്പ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്യതായി കാണുന്നില്ല. ആയത് പരിശോധിച്ച് തൊഴിൽ നികുതി പിരിച്ചെടുക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഉദ്യോഗസ്ഥരുടെയും ഏകോപിത നടപടികളിലൂടെ ആയത് പരിശോധിക്കേണ്ടതും വരുമാന ചോർച്ചയുണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതുമാണ്. ട്രേഡേഴ്സ് ലിസ്റ്റ് ആനുകാലികമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 അംഗൻവാടി പോഷകാഹാരപദ്ധതി കേന്ദ്ര വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് കീഴിൽ 38 അംഗൻവാടികളാണ് നിലവിലുള്ളത്. ഇവയിലൂടെയുള്ള പോഷകാഹാര വിതരണ പരിപാടിക്ക് മുൻവർഷങ്ങളിൽ ചെലവഴിച്ച തുകയുടെ അൻപതു ശതമാനം തുക തുടർവർഷങ്ങളിലെ സമാന പ്രോജക്ട് നടത്തിപ്പിനായി കേന്ദ്ര സർക്കാർ സാമൂഹ്യനീതി വകുപ്പ് മുഖേന തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇതുപ്രകാരം പൂരക പോഷകാഹാരപരിപാടിക്ക് ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമിക്കുന്നതിനും, കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമിക്കുന്നതിനും കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ , ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ /സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുൻഗണന നൽകണമെന്ന് തദ്ദേശസ്വയംഭരണവകുപ്പിന്റെ 3.9.2010-ലെ 39033/ഡി.സി2/2010 നമ്പർ സർക്കുലറിൽ നിർദ്ദേശമുണ്ട്. ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 38 അംഗൻവാടികളിൽ 27 എണ്ണത്തിനുമാത്രമാണ് സ്വന്തമായി സ്ഥലവും കെട്ടിടമുള്ളത്. ബാക്കി 5എണ്ണം വാടകക്കെട്ടിടങ്ങളിലും 5എണ്ണം വാടകയില്ലാതെ സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങളിലും ഒരെണ്ണം പ്ലാക്കത്തടം കമ്മ്യൂണിറ്റി ഹാളിലും പ്രവർത്തിക്കുന്നു. പ്രസ്തുത കമ്മ്യൂണിറ്റി ഹാളിൽ പരിപാടികൾ സംഘടിപ്പിക്കുന്ന വേളകളിൽ അംഗൻവാടിക്ക് പ്രവർത്തിക്കാനാവാത്ത സാഹചര്യമുണ്ട്. മിക്ക അംഗൻവാടികളിലെയും അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ ഏറെ പരിമിതമാണ്. വൈദ്യുതി കണക്ഷൻ, ചുറ്റുമതിൽ ജലലഭ്യത തുടങ്ങിയവ പല അംഗൻവാടികളിലും ലഭ്യമല്ല. പല കെട്ടിടങ്ങളും ജീർണിച്ച് നാശോന്മുഖമായ അവസ്ഥയിലാണ്. അംഗൻവാടികളുടെ പ്രവർത്തനവും അടിസ്ഥാനസൗകര്യവികസനവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മുഖ്യ ചുമതലയിൽപ്പെടുന്ന വിഷയമാ ണെങ്കിലും തൻവർഷത്തെ ഒരു യോഗത്തിൽ മാത്രമാണ് ഇതു

സംബന്ധിച്ച ഒരു അജണ്ട ചർച്ചയ്ക്ക് വിധേയമായത്. 24.3.2018-ൽ ചേർന്ന പ്രസ്തുത യോഗത്തിൽ 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തുന്നതിനുള്ള കരട് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കിയതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 23 അംഗൻവാടികളുടെ നവീകരണം ലക്ഷ്യമാക്കിയാണ് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കിയതെങ്കിലും 17 എണ്ണം മാത്രമാണ് 2018-19 വാർഷിക പദ്ധതിയുടെ ഭാഗമായത്. ഇതിൽത്തന്നെ 7 എണ്ണം സ്പിൽ ഓവർ ആണ്.

ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ മുൻവർഷങ്ങളിൽ ലഭിച്ചതുൾപ്പടെ ₹24,93,809/- യാണ് വർഷാവസാനം നീക്കിയിരുപ്പുള്ളത്. ലഭിച്ച തുകയുമായി താരതമ്യം ചെയ്യുമ്പോൾ തുച്ഛമായ തുകയാണ് പ്രോജക്ടിലൂടെ ചെലവഴിക്കപ്പെട്ടതെന്ന് കാണാവുന്നതാണ്. (തൻവർഷ ചെലവ് ₹7,91,969/-). ലഭ്യമായ തുകയ്ക്ക് ആനുപാതികമായി പ്രോജക്ടുകൾ നടപ്പാക്കാതെ തനതു ഫണ്ടിനൊപ്പം സൂക്ഷിച്ച് യഥേഷ്ടം ചെലവഴിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. പോഷകാഹാരപരിപാടിക്ക് വിനിയോഗിച്ചതിനു ശേഷവും കേന്ദ്ര വിഹിതത്തിൽ തുക ശേഷിക്കുന്ന പക്ഷം മേൽപ്രസ്താവിച്ച സർക്കുലറിൽ പരാമർശിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതാണ്.

## 3-2 പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന -ഭരണസമിതി തീരുമാനം നടപ്പായില്ല

കേരള ജല അതോറിറ്റി പരിപാലിക്കുന്ന 124 പൊതുടാപ്പുകൾക്ക് പ്രതിമാസം ₹54250/- നിരക്കിൽ ഗ്രാമപഞ്ചായത്ത് വെള്ളക്കരം അടവാക്കുന്നുണ്ട്. അവയുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിന് ജല അതോറിറ്റി അധികൃതരുമായി ഒരു സംയുക്തപരിശോധന നടത്തുവാൻ ഭരണസമിതി തീരുമാനമെടുത്തിരുന്നു. (26.05.2017-ലെ 7-ാം നമ്പർ തീരുമാനം). എന്നാൽ തീരുമാനം കൈക്കൊണ്ട് മാസങ്ങൾ പിന്നിട്ടിട്ടും അത് നാളിതുവരെ പ്രാവർത്തികമായിട്ടില്ല. പല പൊതുടാപ്പുകളും കാലികമായി അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ പ്രവർത്തനക്ഷമമല്ലെന്നത് വസ്തുതയാണ്. ഓരോ മാസവും അടയ്ക്കുന്ന തുകയ്ക്ക് അനുസൃതമായി ജനങ്ങൾക്ക് സേവനം ലഭ്യമാകുന്നുവെന്നും അധികതുക ചെലവഴിക്കപ്പെടുന്നില്ലെന്നും ഉറപ്പാക്കുവാൻ സംയുക്ത പരിശോധന അനിവാര്യമാകയാൽ അത് അടിയന്തിരമായി നടത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ജൈവകൃഷി പ്രോൽസാഹനം - പദ്ധതി നടപ്പാക്കത്തത് - തടസ്സം - 5,00,000/-

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾക്കായി തുക പിൻവലിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കാത്തതിനാൽ ഇതിനായി പിൻവലിച്ച തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പദ്ധതി | തുക പിൻവലിച്ച | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|

| | | ബിൽ നം./തിയതി | | |
|---|---|---|---|---|
| 1. | ജൈവകൃഷി പ്രോൽസാഹനം (വനിത)(SO147/18) | 5/17-18 /16.1.18 | 242000/- | സംസ്ഥാന കൃഷി ഫാം, വണ്ടിപ്പെരിയാർ |
| | | 14/17-18/ 28.3.18 | 8000/- | കയറ്റിയിറക്ക് കൂലി തുക കൃഷി ഓഫീസറുടെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. |
| 2. | ജൈവകൃഷി പ്രോൽസാഹനം (എസ്.സി.പി.) (SO14/18) | 6/17-18/ 16.1.18 | 242000/- | സംസ്ഥാന കൃഷി ഫാം, വണ്ടിപ്പെരിയാർ |
| | | 15/17-18/ 28.3.18 | 8000/- | കയറ്റിയിറക്ക് കൂലി തുക. കൃഷി ഓഫീസറുടെ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. |
| | | ആകെ | 500000/- | |

പദ്ധതി പൂർത്തിയാക്കി ₹5,00,000/- ന്റെ തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I , അനുച്ഛേദം 282 അനുസരിച്ച് , 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യതാക്കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. 31.3.2015-വരെ നിക്ഷേപിക്കപ്പെട്ട തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ആകെ തുക | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| 1 | കരാറുകാരുടെ നിരതദ്രവ്യം | 63575 | വിവിധ മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽനിന്ന് സ്വീകരിച്ചത് |
| 2 | ലേലക്കാരുടെ നിരതദ്രവ്യം | 70050 | ഗ്രാമപഞ്ചായത്തിന്റെ വിവിധ ആസ്തികളിൽനിന്ന് ഫീസ് പിരിവ് നടത്തുന്നതിനുള്ള കുത്തകാവകാശ ലേലത്തിൽ പങ്കെടുത്ത വ്യക്തികളിൽനിന്ന് സ്വീകരിച്ചത് |
| 3 | വിതരണക്കാരുടെ നിരതദ്രവ്യം | 116025 | വിവിധ വാങ്ങൽ പ്രോജക്ടുകളിലെ വിതരണ ഏജൻസികളിൽ നിന്നും കരാറുകാരിൽ നിന്നുംസ്വീകരിച്ചത് |
| 4 | വിതരണക്കാരുടെ സെക്യൂരിറ്റി നിക്ഷേപം | 134857 | ----ടി----- |
| 5 | ലേലനിക്ഷേപം | 21000 | ഗ്രാമപഞ്ചായത്തിന്റെ വിവിധ |

| | | | |
|---|---|---|---|
| | | | ആസ്തികളിൽനിന്ന് ഫീസ് പിരിവ് നടത്തുന്നതിനുള്ള കുത്തകാവകാശ ലേലത്തിൽ പങ്കെടുത്ത വ്യക്തികളിൽ നിന്ന് സ്വീകരിച്ചത് |
| 6 | ഹാൾ വാടക നിക്ഷേപം | 500 | |
| 7 | റോഡ് കട്ടിംഗ് ചാർജ് | 11352 | |
| | ഒട്ടാകെ | 417359 | |

കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 3-5 ആയുർവ്വേദ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല-

ആയൂർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിക്കായി ₹450000/-ഔഷധിയ്ക്ക് നൽകിയിരുന്നു. എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 8/18,ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 450000 |
| ബിൽ നം/തീയതി | 2/17-18/തീ.05.01.2018 |

ലഭ്യമായ മരുന്നുകളുടെ വിശദാംശം ചുവടെ നല്കുന്നു.

| ഇൻവോയ്സ് നം | തീയതി | തുക |
|---|---|---|
| 90059764 | 23/3/18 | 106515 |
| 90062249 | 31/3/17 | 67827 |
| 90065154 | 28/5/18 | 55591 |
| 90068104 | 28/5/18 | 16480 |
| 90070658 | 29/6/18 | 44784 |
| 90075385 | 29/7/18 | 74630 |
| 90078359 | 29/8/18 | 19328 |
| 90081047 | 19/9/18 | 30025 |
| ആകെ | | 415180 |

അവശേഷിക്കുന്ന ₹34820/-യുടെ മരുന്ന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതു വരെ ₹34820/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 നിർജ്ജീവമായ അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നതും ദീർഘനാളായി പണമിടപാടില്ലാത്തതുമായ 4 ബാങ്ക് അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്ത് നിലനിർത്തിയിട്ടുണ്ട്. ഇവ കൂടാതെ വിവിധ നിർവഹണ ഉദ്യോഗസ്ഥർ പരിപാലിക്കുന്ന പ്ലാൻ അക്കൗണ്ടുകളിലുമായി ലക്ഷങ്ങളുടെ നീക്കിയിരിപ്പ് കാണുന്നു. പ്രസ്തുത ബാങ്ക് അക്കൌണ്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് ശാഖ | അക്കൗണ്ട് പേര്,നം | നീക്കി ബാക്കി | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|
| എസ്.ബി.ഐ പീരുമേട് ശാഖ | പ്ലാൻ, 30359369227 | 35,93,984 | പാസ്സ്ബുക്കിലെ 25.06.2018 വരെയുള്ള കണക്കുകൾ പ്രകാരം |
| എസ്.ബി.ഐ പീരുമേട് ശാഖ | 57061292319 | 15359 | പാസ്സ്ബുക്കിലെ 25.06.2018 വരെയുള്ള കണക്കുകൾ പ്രകാരം |
| എസ്.ബി.ഐ പീരുമേട് ശാഖ | 34741070552 | 30801 | പാസ്സ്ബുക്കിലെ 25.06.2018 വരെയുള്ള കണക്കുകൾ പ്രകാരം |
| എസ്.ബി.ഐ പീരുമേട് ശാഖ | 30040201810 | 3044 | പാസ്സ്ബുക്കിലെ 25.06.2018 വരെയുള്ള കണക്കുകൾ പ്രകാരം |
| എസ്.ബി.ഐ പീരുമേട് ശാഖ | വെറ്ററിനറി സർജന്റെ പ്ലാൻ 30139457569 | 6065 | പാസ്സ്ബുക്കിലെ 12.04.2018 വരെയുള്ള കണക്കുകൾ പ്രകാരം |
| എസ്.ബി.ഐ പീരുമേട് ശാഖ | അസി. എൻജിനിയറുടെ പ്ലാൻ 67328810621 | 245188 | പാസ്സ്ബുക്കിലെ 31.3.2018 വരെയുള്ള കണക്കുകൾ പ്രകാരം |
| എസ്.ബി.ഐ പീരുമേട് ശാഖ | ഐസിഡിഎസ് സൂപ്പർവൈസറുടെ പ്ലാൻ 57061293061 | 5261 | പാസ്സ്ബുക്കിലെ 31.03.2018 വരെയുള്ള കണക്കുകൾ പ്രകാരം |

പീരുമേട് സബ് ട്രഷറി നോൺ-ബാങ്കിംഗ് ട്രഷറിയായി പ്രവർത്തിച്ചിരുന്ന കാലയളവിൽ ക്യാഷ്, ഡിഡിയാക്കി മാറ്റുന്നതിന് ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ G.O (P) 177/2006 നമ്പർ ഉത്തരവു പ്രകാരം ആരംഭിച്ചതാണ് നിർവഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് തുകകൾ ക്രമീകരിക്കുന്ന പണമിടപാടു രീതി നിലവിൽ വന്നതിനാൽ പ്രസ്തുത അക്കൗണ്ടുകൾ നിലനിർത്തേണ്ട ആവശ്യമില്ല. കൂടാതെ നിർജ്ജീവമായ അക്കൗണ്ടുകൾ ശേഷിക്കുന്നത് ക്രമക്കേടുകൾക്ക് വഴിതുറക്കാനുമിടയാക്കും. ആകയാൽ പ്രസ്തുത ബാങ്ക് അക്കൗണ്ടുകൾ അടിയന്തിരമായി ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പാലിയേറ്റീവ് കെയർ പ്രോജക്ടിന് മരുന്നു വാങ്ങൽ-വിതരണ ഏജൻസി ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പാലിയേറ്റീവ് കെയർ പ്രോജക്ടിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനു കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ സ്ഥാപനം വിതരണം ചെയ്തിട്ടില്ല. പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ടി പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | നിർവഹണ ഏജൻസി | കൈമാറിയ തുക | കൈമാറ്റ വിശദാംശങ്ങൾ | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| എസ്014/18 | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ തിരുവനന്തപുരം | 210700 | NEFT മുഖേന സ്ഥാപനത്തിന് തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിലുള്ള 36240018000000019 നമ്പർ അക്കൗണ്ടിലേക്ക് 26.2.2018-ൽ ട്രാൻസ്ഫർ ചെയ്തു. | ------- | 210700 |

പാലിയേറ്റീവ് കെയർ പോലെയുള്ള പ്രോജക്ടുകൾക്കു വേണ്ടതായ അവശ്യ മരുന്നുകൾ യഥാസമയം ലഭിക്കാത്തിനാൽ സാധുക്കളായ രോഗികൾക്ക് പരിചരണം നൽകുവാൻ വലിയ തടസ്സമാണ് സൃഷ്ടിക്കുന്നത്. ഇൻവോയിസിൽ ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 ലൈഫ് പദ്ധതി പ്രാരംഭ ദശയിൽ

സംസ്ഥാന സർക്കാരിന്റെ സ്വപ്ന പദ്ധതികളായ "ഹരിത കേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം" എന്നിവയിൽ ഏറ്റവും പ്രാധാന്യം നൽകിയിട്ടുള്ളത് സമ്പൂർണപാർപ്പിട നിർമാണ പദ്ധതിയായ Livelyhood and Financial Empowerment (LIFE) -നാണ്. പ്രസ്തുത പദ്ധതി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. സർക്കാർ വിഹിതം ഹഡ്കോ വായ്പയായി ലഭ്യമാക്കുന്നു. ബാക്കി തുക ത്രിതല തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതിക്കായി നീക്കിവെച്ചിട്ടുള്ള വിഹിതത്തിൽനിന്ന് കണ്ടെത്തേണ്ടതുണ്ട്. പ്രസ്തുത പദ്ധതിയെ പിൻപറ്റി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള ഭവനനിർമാണ പദ്ധതികളുടെ ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാപഞ്ചായത്ത് വിഹിതം | ഹഡ്കോ വായ്പ | ആകെ |
|---|---|---|---|---|---|
| ലൈഫ് (ജനറൽ) | 54,62,400 | 25,00,000 | 25,00,000 | 6,79,80,000 | 7,84,42,400 |
| ലൈഫ് (SCP) | 41,62,600 | 20,00,000 | 23,22,666 | 6,79,80,000 | 7,64,65,266 |

| | | | | | |
|---|---|---|---|---|---|
| ലൈഫ് (TSP) | 32,400 | 8,00,000 | 10,00,000 | 15,00,000 | 33,32,400 |
| ആകെ | 96,57,400 | 53,00,000 | 58,22,666 | 13,74,60,000 | 15,82,40,066 |

ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ

| ക്രമ നം | ഗുണഭോക്താക്കളുടെ വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ഭൂരഹിത-ഭവനരഹിതർ | 811 |
| 2 | ഭവനരഹിതർ | 491 |
| 3 | മുൻകാലങ്ങളിലുണ്ടായിരുന്ന ഭവനപദ്ധതികൾ പ്രകാരം ധനസഹായം ലഭിച്ചവരിൽ വീടു നിർമാണം പൂർത്തിയാക്കാത്തവർ | 38 |
| 4 | സ്ഥലം വാങ്ങിയവർ | 138 |
| 5 | മറ്റു പഞ്ചായത്തുകളിൽ നിന്ന് ട്രാൻസ്ഫർ ആയി വന്നവർ | 32 |

ഗ്രാമപഞ്ചായത്തും ഹഡ്കോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. വായ്പ അനുവദിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ സ്ക്രീനിംഗ് പുരോഗമിക്കുന്നതേയുള്ളു. ഒന്നാം ഘട്ടമായി ഇ,എം.എസ്, ജവഹർ ഭവന പദ്ധതികൾ പ്രകാരം ധനസഹായം ലഭിച്ചവരിൽ വീട്ടു നിർമാണം പൂർത്തിയാക്കാതിരുന്ന 38 പേർക്ക് (പട്ടിക ക്രമ നം.3-ൽ പരാമർശിക്കുന്നവർ) ലൈഫ് പദ്ധതിക്ക് ആനുപാതികമായ സബ്സിഡി പഞ്ചായത്ത് വിഹിതത്തിൽ നിന്ന് അനുവദിക്കുകയും {ആകെ ചെലവ് 33,38,663/- (വികസന ഫണ്ട് (ജനറൽ) 1708663 + വികസന ഫണ്ട് (SCCP) 1630000} 37 ഗുണഭോക്താക്കൾ ഇതിനോടകം അത് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

രണ്ടാം ഘട്ടത്തിൽ ഇതുവരെ അർഹരായി കണ്ടെത്തിയ 76 പേർക്ക് ഒന്നാം ഗഡു അനുവദിച്ചു. ആകെ ചെലവ് ₹30,40,000/-

## 3-9 സംയോജിത പദ്ധതികൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ വിവരങ്ങളില്ല

അഴുത ബ്ലോക്ക് പഞ്ചായത്ത് ലീഡ് പാർട്ണറായി നടപ്പാക്കേണ്ട സംയുക്ത പ്രോജക്ടുകൾക്ക് ഗ്രാമപ്പഞ്ചായത്ത് 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തുക കൈമാറിയിട്ടുണ്ടെങ്കിലും അവയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | ലീഡ് പാർട്ണർ | കൈമാറിയ തുക | കൈമാറിയ തീയതി | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | എസ്055/18 പിഎംഎവൈ ഗ്രാമപ്പഞ്ചായത്ത് വിഹിതം(ജനറൽ) | അഴുത ബ്ലോക്ക് പഞ്ചായത്ത് | 4,80,000 | 23.01.2018 | SBT പീരുമേട് ശാഖയിലെ 67055779142 നമ്പർ അക്കൗണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തു |
| 2 | എസ്0298/18 ഐഎവൈ -ലൈഫ് (SC) ഗ്രാമപ്പഞ്ചായത്ത് വിഹിതം | | 23,69,625 | 30.01.2018 | |
| 3 | എസ് 159/18 ഐ.എ.വൈ പൂർത്തീകരണം | | 508824 | 23.01.2018 | |

| | | | | | |
|---|---|---|---|---|---|
| | (ജനറൽ) ഗ്രാമപ്പഞ്ചായത്ത് വിഹിതം | | | | |
| | ആകെ | | 3358449 | | |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ കൈമാറിയ ₹3358449/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 ഭാഗികമായ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുന്നു.

പഞ്ചായത്തിൽ വിവിധ കെട്ടിടനിർമ്മാണ പ്രോജക്ടുകൾക്ക് ഭാഗികമായ പ്രവൃത്തികൾ മാത്രം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതുമായ പ്രവണത ശ്രദ്ധയിൽപ്പെട്ടു. ഇക്കാരണത്താൽ ഇതുപോലെയുള്ള പല പദ്ധതികളുടെയും പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നതായും പദ്ധതി പ്രയോജനപ്രദമാകാതെകിടക്കുന്നതായും ഓഡിറ്റ് നിരീക്ഷിക്കുന്നു. ഈ അപാകത ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നം | പേര് | അടങ്കൽ | ബിൽ നം/തീയതി | ചെലവ് | കരാറു കാരന്റെ പേര് | ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടു ത്താത്ത ഇനങ്ങൾ |
|---|---|---|---|---|---|---|
| 52/18 | SC യുവതി കൾക്ക് തൊഴിൽ പരിശീലന കേന്ദ്രം | 16 ലക്ഷം | 54/ 6.11.17 | 876389 | കെ.എൻ. സന്തോഷ് | ഫ്ലോറിങ്, വയറിങ്, പ്ലംബിങ്, പെയിന്റിങ് തുടങ്ങിയവ. |
| | | | 126/ 21.03.18 | 480258 | | |
| 119/17 | പാമ്പനാർ വോളീബോൾ സ്റ്റേഡിയം നിർമ്മാണം. | 4000000 | 13/ 23.12.16 | 671210 | കെ എൻ സന്തോഷ് | ഗ്രൗണ്ട് നിർമ്മാണം, വെള്ളം, വൈദ്യുതി, ഗേറ്റ് നിർമ്മാണം, പെയിന്റിങ് മുതലായവ- സ്റ്റേഡിയ ത്തിന്റെ പൂർണ്ണമായ പ്ലാൻ തയ്യാറാക്കി യിരുന്നില്ല. |
| | | | 25/ 23.02.17 | 830515 | | |
| | | | 92/ 31.03.17 | 532470 | | |
| 254/18 | | 1500000 (സ്റ്റിൽ ഓവർ) | 138/ 28.03.18 | 419620 | പ്രിൻസ് ചെറിയാൻ | |

## 3-11 ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പാക്കിയില്ല.

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആശ്രയ പദ്ധതി നടത്തിപ്പിനായി ബിൽ നം.1&2/29.08.17 മുഖേന യഥാക്രമം ₹1000000/-,₹900000/- എന്നിങ്ങനെ തുകകൾ സി ഡി എസിന് കൈമാറിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പീരുമേട് പഞ്ചായത്തിലെ ആശ്രയ പദ്ധതിയുടെ പുരോഗതി പരിശോധനാ വിധേയമാക്കുകയുണ്ടായി.പഞ്ചായത്തിൽ ഒന്നാം ഘട്ടത്തിൽ 72 പേരെയും റീവിസിറ്റ് നടത്തി തയ്യാറാക്കിയ രണ്ടാം ഘട്ടത്തിൽ 61 പേരെയും ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. രണ്ടു ഘട്ടങ്ങളുടെയും ധനകാര്യ വിശകലനവും പദ്ധതി പുരോഗതിയും ചുവടെ ചേർക്കുന്നു.

ഒന്നാം ഘട്ടം

| വിഭവസ്രോതസ്സ് | വകയിരുത്തിയ തുക | കുടുംബശ്രീയ്ക്ക് കൈമാറിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കുടുംബശ്രീ ഫണ്ട് | 1500000 | 1500000 | 457696 | 1042304 |
| വികസനഫണ്ട് | 9747500 | 7363212 | 3450000 | 3913212 |
| ഗവ: വിഹിതം | 964800 | | | |
| കുടുംബശ്രീ ആർ എം ഇ | 315000 | | | |
| പലിശ | | 955933 | 34368 | 921565 |
| | 12527300 | | | 5877081 |

<u>രണ്ടാം ഘട്ടം</u>

| വിഭവസ്രോതസ്സ് | വകയിരുത്തിയ തുക | കുടുംബശ്രീയ്ക്ക് കൈമാറിയ തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| പഞ്ചായത്ത് ഫണ്ട് | 6750000 | 2650000 | | 2650000 |
| കുടുംബശ്രീ ഫണ്ട് | 1000000 | 333333 | 333333 | - |
| സംഭാവന | 61000 | - | | |
| പലിശ | | 34584 | 6048 | 28536 |
| | 7811000 | | | 2678536 |

2015 മാർച്ചിൽ അവസാനിക്കേണ്ടിയിരുന്ന ആശ്രയ ഒന്നാം ഘട്ടത്തിൽ 72 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരുന്നത് ഇവരിൽ 45 പേർക്ക് ഇപ്പോഴും തുടർസേവനങ്ങൾ നല്കിപ്പോരുന്നുണ്ട്. ലഭിച്ച തുകയിൽ

60 ലക്ഷത്തോളം ഇപ്പോഴും ചെലവാകാതെ അവശേഷിക്കുന്ന എന്നതും ഗുണഭോക്താക്കളിൽ ഭൂരിഭാഗവും അഗതികളായിത്തന്നെ തുടരുന്ന എന്നതും ഒന്നാം ഘട്ട പദ്ധതിയുടെ പരാജയത്തെയാണ് സൂചിപ്പിക്കുന്നത്. 61 പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ആവിഷ്ക്കരിച്ച രണ്ടാം ഘട്ടത്തിലും കാര്യമായ പ്രവർത്തന പുരോഗതി കാണുന്നില്ല.

ഇതുവരെയുള്ള പ്രവർത്തനങ്ങൾ അടിയന്തിര വിശകലനത്തിന് വിധേയമാക്കേണ്ടതും പാളിച്ചകൾ എന്തൊക്കെയെന്ന് കണ്ടെത്തി ഒഴിവാക്കി പദ്ധതി വിജയിപ്പിക്കുന്നതിന് പഞ്ചായത്ത് / സി ഡി എസ് നേതൃത്വങ്ങൾ കൂട്ടായ ശ്രമം നടത്തേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| അഴുത ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 143009 | എസ്.ഒ.009/18 ജവഹർഭവന പദ്ധതി പലിശ തിരിച്ചടവ് | ഇല്ല | 143009 |
| | | 300000 | എസ്.ഒ.028/18 അംഗൻവാടിയ്ക്ക് സ്ഥലംവാങ്ങൽ | | 300000 |
| | | 166000 | എസ്.ഒ.135/18- അഴുതയാർ വാരിക്കാടൻ ഭാഗം ചപ്പാത്ത് | | 166000 |
| | | 500000 | എസ്.ഒ.137/18- പ്ലാക്കത്തടം എസ്.റ്റി.കോളനി മൂല്യവർദ്ധിത ഉത്പന്ന വിപണന കേന്ദ്രം | | 500000 |
| | | 500000 | എസ്.ഒ.393/18- പള്ളിക്കുന്ന് ലൈബ്രറി കെട്ടിടത്തിന് മുകളിൽ ഹാൾ നിർമ്മാണം | | 500000 |
| ആകെ | | | | | 1609009 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2016-17 | 206110 | വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല | ഇല്ല | 206110 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹3,800,000/- വരവുണ്ട്. ഇതുൾപ്പെടെ ആകെ വായ്പ ബാദ്ധ്യത ₹17342000/- ആണ്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 29.9.2015ലെ 296625/ഡി.ബി.1/15/ത.സ്വ,ഭ.വ. | 1,80,00,000/- | 13542000 | 878000 | 1370387 | 16464000 |

- വായ്പാ തിരിച്ചടവ് സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്നില്ല.ആയതിനാൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയുടെ കൃത്യത ഓഡിറ്റിൽ ബോദ്ധ്യപ്പെട്ടില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹50422/- യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 33 | 38000 | ധനപാലൻ.സി.ആർ | 11704010660/26.10.17 |
| 1989-1990 | 23(5) | 59 | തങ്കപ്പൻ | 117040100095/10.04.17 |
| 1989-90 | 24 | 69 | കെ,ഹംസ | 117040100096/10.04.17 |
| 1992-93 | 14(1) | 38 | കാളിമുത്തു | 117040100097/10.04.17 |
| 1994-95 | 49(a) | 49 | ബി.അരവിന്ദാക്ഷൻ | 117040100099/10.04.17 |
| 1994-95 | 4(b) | 6 | അയ്യപ്പനാചാരി | 117040100100/10.04.17 |
| 1994-95 | 45 | 45 | പി.വി.ചാക്കോ | 117040100101/10.04.17 |
| 1994-95 | 18 | 38 | ജി.കൊച്ചാപ്പി | 117040100102/10.04.17 |

| | | | | |
|---|---|---|---|---|
| 1998-99 | 22 | 35 | ജോസഫ് | 117040100157/18.04.17 |
| 1998-99 | 22 | 28 | പി.വി.ജോസഫ് | 117040100158/18.04.17 |
| 1998-99 | 22 | 85 | വി.കെ.കുഞ്ഞുമോൻ | 117040100159/18.04.17 |
| 1998-99 | 22 | 113 | ഷേർളി ജോസഫ് | 117040100161/18.04.17 |
| 1998-99 | 22 | 85 | നെൽസൺ | 117040100162/18.04.17 |
| 2006-07 | 3.2 | 500 | ഗോപാലകൃഷ്ണപ്പിള്ള | 117040100551/05.01.17 |
| 2015-16 | 2.1 | 7200 | പി.രാജൻ ,കോൺഗ്രസ് പ്രസിഡന്റ് | 117040100053/05.04.17 |
| 2013-14 | 2.1 | 880 | രാജു മാത്യു,മെറ്റൽ ക്രഷർ | 117040102353/29.12.17 |
| 2014-15 | 2.1 | 3192 | കാലിയമൂർത്തി | 117040102109/15.12.17 |
| | ആകെ | 50422/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 33 | 2002-03 | 6-3(i) | വനിത ബ്യൂട്ടിപാർലർ - അപാകതകൾ - അനധീകൃത ചെലവ് അംഗീകരിക്കുന്നില്ല | -- |
| 2005-06 | 2-13 | 2009-10 | 2-6 | പാമ്പനാറിലെ ഷോപ്പിംഗ് കോംപ്ലക്സ് നഷ്ടം - ₹8633/- | -- |
| 2006-07 | 3-1 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം | -- |
| 2010-11 | 3-2 | 2013-14 | 4-7 | പണിപൂർത്തീയാക്കാതെ വിനിയോഗ സാക്ഷ്യപത്രം | പ്രോജക്ടിൽ തുക വകയിരുത്തി |

| | | | | | |
|---|---|---|---|---|---|
| | | | | ലഭ്യമാക്കി ₹50,64,425/- പാഴ്ച്ചെലവ് | പണി പൂർത്തീകരിച്ചു വരുന്നു. |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ ലഭ്യമായ വിവരം

(എ) ചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

(ബി) സർചാർജ്ജ് നടപടികളുടെ വിവരം

| | | | | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ/ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗീക സ്ഥാനം., ഭരണ വകുപ്പ് | നം./ തീയതി | തുക | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2003-04 | 2-6 | പി. എസ്. മുഹമ്മദ് സലിം | -- | 30647 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30647 | |
| 2 | 1997-98 | 22(ബി), 23(ബി) | ബി. നോബർട്ട്, സെക്രട്ടറി | എൽ.എഫ്. 5912/ എസ്.സി 2/2001 തി. 4.12.04 | 810+ 20024 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 810+ 20024 | |
| 3 | 1998-99 | 22, 23(ബി), 24 (എ), 25(1), (2) | ബി. നോബർട്ട്, സെക്രട്ടറി | എൽ.എഫ്. 11041/ എസ്.സി 2/2002 തി.24.2.03 | 71109/- | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 71109/- | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 103253672 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 105147103 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3893269 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3.3 | 500,000 | ശ്രീമതി. അനാമിക എം.എസ്., കൃഷി ഓഫീസർ |
| 3.5 | 34820 | ശ്രീ. ശ്രീജിത്ത്. എസ്. മെഡിക്കൽ ഓഫീസർ |
| 3.9 | 3358449 | ശ്രീ. കെ.റ്റി. ഷാജി, സെക്രട്ടറി |
| ആകെ | 3893269 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനാമിക എം.എസ്, കൃഷി ഓഫീസർ | | സാഹിതി ഹൗസ്, കോലിക്കോട് പി.ഒ. വെഞ്ഞാറമൂട്, തിരുവനന്തപുരം- 695607 |
| ശ്രീ. ശ്രീജിത്ത് എസ്, മെഡിക്കൽ ഓഫീസർ, ആയുർവേദം | | ശ്രീവില്ല, വാഴൂർ, തീർത്ഥപാദപുരം |
| ശ്രീ. കെ.റ്റി. ഷാജി, സെക്രട്ടറി | | കല്ലുവേലിൽ ഹൗസ്, കുരാലി പി.ഒ., ഇളങ്ങുളം, കോട്ടയം |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. | റിമാർക്സ് |
|---|---|---|---|
| 1974-1975 | എൽ.എഫ്.ഐ.6-526/98/19.12.1998 | | |
| 1975-1976 | എൽ.എഫ്.ഐ.6-526/98/19.12.1998 | | |
| 1976-1977 | എൽ.എഫ്.ഐ.6-526/98/19.12.1998 | | |
| 1977-1978 | എൽ.എഫ്.ഐ.6-526/98/19.12.1998 | | |
| 1978-1979 | എൽ.എഫ്.ഐ.7-87/26.07.1980 | | |
| 1979-1980 | എൽ.എഫ്.ഐ.7-87/26.07.1980 | | |

| | | | |
|---|---|---|---|
| 1980-1981 | എൽ.എഫ്.ഐ.4-794/84/10.07.1985 | | |
| 1981-1982 | എൽ.എഫ്.ഐ.4-794/84/10.07.1985 | | |
| 1982-1983 | എൽ.എഫ്.ഐ.4-794/84/10.07.1985 | | |
| 1983-1984 | എൽ.എഫ്.ഐ.4-794/84/10.07.1985 | | |
| 1984-1985 | എൽ.എഫ്.ഐ.6-191/86/19.02.1987 | | |
| 1985-1986 | എൽ.എഫ്.ഐ.6-860/87/19.03.1988 | | |
| 1986-1987 | എൽ.എഫ്.ഐ.6-874/90/16.05.1990 | | |
| 1987-1988 | എൽ.എഫ്.ഐ.6-863/91/08.08.1993 | | |
| 1988-1989<br>1989-1990 | എൽ.എഫ്.ഐ.6-863/91/08.08.1993 | | |
| 1990-1991<br>1991-1992 | എൽ.എഫ്.ഐ.6-655/92/11.12.1992 | | |
| 1992-1993 | എൽ.എഫ്.ഐ.6-244/94/17.07.1994 | | |
| 1993-1994 | എൽ.എഫ്.ഐ.7-235/95/20.06.1995 | | |
| 1994-1995 | എൽ.എഫ്.ഐ.6-361/96/12.02.1996 | | |
| 1995-1996 | എൽ.എഫ്.ഐ.6-55/99/15.01.2000 | 15 | 3,4,5,8,12,15,16,<br>17,18,20,<br>21,22,23,24,25 |
| 1996-1997 | എൽ.എഫ്.ഐ.6-147/98/20.11.1998 | 29 | 17,18,19,20,21,<br>22,23, 29(1,2),<br>30,31,32,33,<br>34,35,36,37,<br>38,39,<br>40,41,42,43-50 |
| 1997-1998 | എൽ.എഫ്.ഐ.6-213/2000<br>/09.06.2000 | 12 | 21,22(a,b),23(a,b),<br>24,25,26,<br>27,28,31,32,34,37 |
| 1998-1999 | എൽ.എഫ്.ഐ.6-495/2000<br>/29.08.2000 | 19 | 21,22,23(b,c),<br>24(a,b),25(1,2)<br>26,27,29,30,40 |
| 1999-2000 | എൽ.എഫ്.ഐ.6-6661/05.10.2001<br>/05.04.2002 | 22 | 9,13,14,20,<br>21(1,2),22-38 |
| 2000-2001 | എൽ.എഫ്.ഐ.6-121/02/20.07.02<br>/11.12.02 | 39 | 9,13,14,20(a,b),<br>21(b),23(a),<br>26(a,b),27,<br>28-54,57-60 |
| 2001-2002 | എൽ.എഫ്.ഐ.6-696/03/25.02.04<br>/10.06.04 | 39 | 3-41 |
| 2002-2003 | എൽ.എഫ്.ഐ.6-12/05/10.07.05<br>/05.11.05 | 23 | 2.4,2.5,2.6,2.7,<br>2.8,3.1, |

| | | | |
|---|---|---|---|
| | | | 3.2,3.3-3.14, 3.16,3.17 |
| 2003-2004 | എൽ.എഫ്.ഐ.6-175/07/15.02.07 /31.07.07 | 15 | 2.1,2.2,2.3, 2.4, 2.5, 2.6, 3.1-3.8, 4.3 |
| 2004-2005 | എൽ.എഫ്.ഐ.6-949/07/12.03.08 /05.04.08 | 20 | 2.2, 2.4-2.12, 3-1-3.9, 4.3 |
| 2005-2006 | എൽ.എഫ്.ഐ.8-1019/08/04.08.09 /08.02.10 | 24 | 2.3-2.11,3.1- 3.13, 4.2,4.3 |
| 2006-2007 | എൽ.എഫ്.ഐ.8-19/10/14.09.10 /29.10.10 | 27 | 2.1 -2.11, 3.2 – 3.16, 4.3 |
| 2007-2008 | എൽ.എഫ്.ഐ.8-1264/10/13.10.11 /14.11.11 | 38 | 1.1-1.4,2.1-2.7, 3.1-3.24,4.4, 4.5,4.6 |
| 2008-2009 | എൽ.എഫ്.ഐ.8-1231/11/10.02.12 /10.05.12 | 15 | 2.3,2.4,3.1,3.2, 3.3,3.6,3.7-3.11, 3.13,3.14,4.3,4.6 |
| 2009-2010 | എൽ.എഫ്.ഐ.8-563/12/13.07.12 /07.12.12 | 11 | 2.1,2.2,2.4,3.1, 3.2,3.3,3.6-3.10 |
| 2010-2011 | എൽ.എഫ്.ഐ.8-328/13/03.05.13 /09.07.13 | 7 | 2.1,2.2,3.1,3.2, 3.3,3.4,3.5 |
| 2011-2012 | എൽ.എഫ്.ഐ.8-1272/13/06.11.13 /19.04.13 | 18 | 2.2,2.3,2.4,3.1, 3.2,3.3,3.4,3.6, 3.7,3.8-3.16 |
| 2012-2013 | എൽ.എഫ്.ഐ.8-536/14/30.06.14 /04.10.14 | 16 | 2.1,2.2,3.1-3.10, 3.13-3.16 |
| 2013-2014 | എൽ.എഫ്.ഐ.8-794/13/06.08.2015 | 16 | 2.1,2.2,3.1-3.14 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ. 8/646/2016 തി.2.6.2016 | 21 | 2.1,2.2,2.3,3.1- 3.10,3.12-3.19 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ.8/1550 /2016/ തീ.8.10.2016 | 12 | 2.1,2.2,2.3,2.4, 3.1-3.5,3.7, 3.8,3.9 |

| | | | |
|---|---|---|---|
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ.8/1057/2017 തീയതി 14.08.2017 | 22 | 2.1,2.2,3.1-3.20 |

റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം:കെ.എസ്.എ.ഐ.ഡി.കെ.8/1223/2018 തീയതി: 28.11.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പീരുമേട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഉൾപ്പെടെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ 2017-18 ലെ വാർഷിക ധനകാര്യ പത്രിക ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ശരിയായ വിധത്തിൽ പ്രതിഫലിപ്പിക്കുന്നില്ലായെന്ന് അഭിപ്രായപ്പെടുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി